ഗതാഗതമന്ത്രി (ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ) :

(എ, ബി, സി) വിവരം ശേഖരിച്ചുവരുന്നു.

പുനലൂർ പ്ലൈവുഡ് ഫാക്ടറിയിൽ നടന്ന അഴിമതി

* 151. [574] ശ്രീ. എം. കെ. കേളു,
,, എസ്. ദാമോദരൻ,
,, പാലോളി മുഹമ്മദ്കുട്ടി,
,, ഇ. ബാലാനന്ദൻ,
,, വി. എസ്. അച്യുതാനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ പ്ലൈവുഡ് ഫാക്ടറിയിൽ നടന്ന അഴിമതിയെക്കുറിച്ച് അന്വേഷിക്കുന്നതിന് ഉത്തരവിട്ടിരുന്നുവോ ;

(ബി) എങ്കിൽ അന്വേഷണഫലം വെളിപ്പെടുത്താമോ ?

കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി (ശ്രീ. എം. എൻ. ഗോവിന്ദൻ നായർ) :

(എ) ഉണ്ട്.

(ബി) ഹോംഡിപ്പാർട്ടുമെന്റു പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

കേന്ദ്രത്തിൽനിന്നും അലോട്ട ചെയ്ത അരി

* 152 [575] ശ്രീ. സി. ഗോവിന്ദപ്പണിക്കർ,
,, ആർ. കൃഷ്ണൻ (പാലക്കാട്),
,, ഈ. പി. കൃഷ്ണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1968–69 വർഷത്തിൽ കേന്ദ്രഗവണ്മെന്റ് കേരളത്തിനു് അലോട്ട ചെയ്തിരിക്കുന്ന അരി എത്ര ടൺ ;

(ബി) 1968–69 വർഷങ്ങളിൽ കേരളത്തിൽനിന്നു് ലെവിയായി എത്ര നെല്ല് ശേഖരിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത സമ്പ്രദായത്തിൽ സംസ്ഥാനത്തെ റേഷൻ തോതു് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ?

ഗതാഗതമന്ത്രി (ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ) :

(എ) 1968 സെപ്തംബർ മാസാവസാനം വരെ 7,02808 ടൺ അരി അലോട്ട ചെയ്തിട്ടുണ്ട്. എന്നാൽ 1968–ൽ സംസ്ഥാനത്തിനു ലഭ്യമായ അരി 6,23,640 ടൺ അരിയാണ്. 1969 ജനുവരി മുതൽ ജൂലൈ മാസം അവസാനം വരെ 4,86,268 ടൺ അരി സംസ്ഥാനത്തിനു ലഭ്യമായിട്ടുണ്ട്.

(ബി) 1968–69 വർഷങ്ങളിൽ കേരളത്തിലെ ലെവിയായി ശേഖരിച്ചിട്ടുള്ളതിൽ 1968–ൽ മൊത്തം 1,0_854.7 ടൺ നെല്ലും 1969–ൽ ജൂലൈ മാസം അവസാനം വരെ 60,865.1 ടൺ നെല്ലും സംസ്ഥാനത്തുനിന്നും ലെവിയായി ലഭിച്ചിട്ടുണ്ട്.

(സി) 1969 ജൂൺ 15–ാം തീയതി മുതൽ സംസ്ഥാനത്തു് മുഴുവൻ റേഷനും കൊടുത്തുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്) : ആറുമാസം അരി തുടർന്നു കൊടുക്കുന്നതിനുള്ള നടപടികളെടുക്കുമോ ?

ശ്രീ ഇ കെ. ഇമ്പിച്ചിബാവ : ആറുമാസം അരി തുടർന്നു കൊടുക്കുന്നതിനു വേണ്ടിയാണു് ശ്രമിച്ചുകൊണ്ടിരിക്കുന്നതു്. ഇൻഡ്യാ ഗവണ്മെൻറിൽനിന്നുമുള്ള അലോട്ടുമെൻറു് കൂടുതൽ കിട്ടിയാൽ മാത്രമേ അതിനു സാധിക്കുകയുള്ളു. ഇവിടെയുള്ള പ്രോക്യൂവർമെൻറു് കൊണ്ടുമാത്രം ആറുമാസം കൊടുക്കാൻ സാദ്ധ്യമല്ല.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്) : ബഹുമാനപ്പെട്ട മന്ത്രി തന്നെ നേരിട്ടു് കൃഷിക്കാരോടു് അഭ്യർത്ഥിച്ചിട്ടുള്ളതിൻറെ ഫലമായിട്ടു് എത്ര നെല്ലു് സംഭരിക്കുവാൻ കഴിഞ്ഞിട്ടുണ്ടു് ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : അതിപ്പോൾ തിട്ടപ്പെടുത്തി പറയാൻ സാദ്ധ്യമല്ല. എന്നിരുന്നാലും ഇതിപ്പോഴല്ലാം ഒരു പരിമിതിയുണ്ടു്. അതുകൊണ്ടു് റേഷൻ ആറുമാസം കൊടുക്കാൻ സാധിക്കുകയില്ല.

ശ്രീ. ഇ. ബാലാനന്ദൻ : ഈ ഓണക്കാലത്തു് രണ്ടാഴ്ചയിലെ റേഷൻ കൊടുക്കാൻ ഗവണ്മെൻറു് പരിശ്രമിക്കുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : പരിശോധിച്ചതിനുശേഷം സൗകര്യമുണ്ടെങ്കിൽ കൊടുക്കാവുന്നതാണു്.

ശ്രീ. കെ. എം. ജോർജ്ജു് : നമുക്കു് കേന്ദ്രത്തിൽനിന്നും കിട്ടുന്ന അരിയിൽ പച്ചരിയും പുഴുക്കലരിയും തമ്മിലുള്ള അനുപാതം എന്താണു് ; എല്ലാ മാസവും ഒരേ അനുപാതമാണോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : അതിനു അനുപാതമൊന്നുമില്ല. ഇൻഡ്യാ ഗവണ്മെൻറിനു് ഏതു അരിയാണോ കിട്ടുന്നതു് അതു് അയച്ചുതരികയാണു്. ചിലപ്പോൾ പച്ചരിമാത്രമായിരിക്കും, ചിലപ്പോൾ പുഴുക്കലരി മാത്രമായിരിക്കും കിട്ടുന്നതു്. മറ്റു ചിലപ്പോൾ വേറെ ഏതെങ്കിലും തരത്തിലുള്ള അരിയായിരിക്കും കിട്ടുന്നതു്.

ശ്രീ. കെ. എം. ജോർജ്ജു് : ചില താലൂക്കുകളിൽ പച്ചരി തുടർച്ചയായിട്ടു് വിതരണം ചെയ്യുന്നതായിട്ടുള്ള പരാതിയുണ്ടു്. അതുകൊണ്ടു് അവിടെ പലവിധത്തിലുള്ള രോഗങ്ങളും ഉണ്ടാകുന്നുണ്ടു്. ഉദാഹരണത്തിനു് മീനച്ചിൽ താലൂക്കിൽ സ്ഥിരമായി പച്ചരിയാണു് കിട്ടുന്നതു്. അവിടെ തുടർച്ചയായി പച്ചരിമാത്രം വിതരണംചെയ്യാനുള്ള കാരണമെന്താണു് ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : മെമ്പറുടെ അഭിപ്രായം ശാസ്ത്രീയമായിത്തന്നെ ശരിയല്ല.. പച്ചരി രോഗമുണ്ടാക്കുന്നതായി ഇന്നുവരെ ഒരു ശാസ്ത്രജ്ഞനും പറഞ്ഞിട്ടില്ല. പച്ചരി ഇഷ്ടമുള്ളവരുമുണ്ടു്, പച്ചരി ഇഷ്ടമില്ലാത്തവരുമുണ്ടു്. പച്ചരി ഇഷ്ടമില്ലാത്തവർ അതു സംബന്ധിച്ചു് ആവലാതി ബോധിപ്പിച്ചിരുന്നു. അതനുസരിച്ചു് ഉള്ള പുഴുക്കലരി എല്ലാ ജില്ലകളിലേക്കും നൽകാൻ നടപടി എടുത്തിരിക്കുകയാണു്.

ശ്രീ. കെ. എം. ജോർജ്ജു് : പച്ചരി ഇഷ്ടമുള്ളവരുണ്ടെങ്കിൽ അവർക്കുമാത്രം പച്ചരി കൊടുത്തുകൊള്ളണം. പക്ഷേ ഞങ്ങളുടെ ആരോഗ്യത്തിനു പച്ചരി ഹാനികരമായി കാണുന്നതുകൊണ്ടു് മീനച്ചിൽ താലൂക്കിൽ പച്ചരി വിതരണം ചെയ്യാതിരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : കേരളീയർ പുഴുക്കലരിയാണു് ഇഷ്ടപ്പെടുന്നതെന്നു് ഇൻഡ്യാ ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടു്. അതു കിട്ടുകയാണെങ്കിൽ ബഹുമാനപ്പെട്ട മെമ്പർക്കു് ഇഷ്ടംപോലെ തരാൻ കഴിയും.

ശ്രീ. കെ. കരുണാകരൻ : 1967–ലേതിനെക്കാൾ 1968–ൽ ഉത്പാദനം വർദ്ധിച്ചിട്ടും ലെവിയുടെ തോതിൽ മാറ്റം വന്നിട്ടില്ല. അതിനെന്താണു കാരണം ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ലെവിയുടെ തോതിൽ കഴിഞ്ഞവർഷത്തിൽ മാറ്റംവന്നിട്ടുണ്ട്. എന്നാൽ കൃഷിക്കാരെ പ്രോത്സാഹിപ്പിക്കണമെന്നുള്ള നാട്ടുകാരുടെ ആവശ്യപ്രകാരം ഒരേക്കർതൊട്ടുള്ള ആളുകളെ ലെവിയിൽനിന്നും ഒഴിവാക്കുകയും രണ്ടേക്കറിനുമേലുള്ള ആളുകളെ ലെവിയിൽ ഉൾപ്പെടുത്തുകയുംചെയ്തിട്ടുണ്ട്. കൃഷിക്ക് അൽപ്പസ്വല്പം വർദ്ധനവുണ്ടായിട്ടുണ്ട്. അതുകൊണ്ടുമാത്രം നമ്മുടെ റേഷൻ വർദ്ധിപ്പിക്കുന്നതിനുള്ള സ്ഥിതി വന്നിട്ടില്ല.

ശ്രീ. കെ. കരുണാകരൻ : 1967-ൽ എടുത്ത നെല്ലും, 1968-ൽ എടുത്ത നെല്ലും തമ്മിൽ വ്യത്യാസം കാണാനില്ല. കൂടുതൽ ഉല്പാദിപ്പിക്കപ്പെട്ട നെല്ലിന്റെ ഒരു ഭാഗം എങ്കിലും സാധാരണക്കാർക്ക് കിട്ടാനുള്ള സൗകര്യം ചെയ്തില്ല. അതെന്താണ് കാരണം ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ലെവിയുടെ കണക്ക് ഈ സഭയിൽത്തന്നെ നേരത്തേ പറഞ്ഞിട്ടുള്ളതാണ്. അതിന്റെ കണക്ക് ഇപ്പോൾ എന്റെ കൈവശം ഇല്ല.

ശ്രീ. ഒ. കോരൻ : റേഷൻ ഷോപ്പുകളിൽക്കൂടി വിതരണം ചെയ്യുന്ന അരിക്ക് വളരെയധികം ദുർഗന്ധമുള്ളതുകൊണ്ട് കഴിക്കാൻ നിവൃത്തിയില്ല. ഇതിനെ സംബന്ധിച്ച് എക്സ്പ്രസ് പത്രം ഒരു മുഖപ്രസംഗം എഴുതിയിട്ടുണ്ടായിരുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ഈ പരാതി മറ്റുള്ളവരിൽനിന്നും ഉണ്ടെന്നു മാത്രമല്ല സ്വന്തമായി റേഷൻ വാങ്ങുന്നവനെന്നുള്ള നിലയിൽ ഞാൻ അനുഭവിക്കുകകൂടി ചെയ്യുന്നുണ്ട്. ഇതു മില്ലിന്റെ കുഴപ്പമാണ്. അതു പരിഹരിക്കുന്നതിനുവേണ്ടി കേരളത്തിലെ മില്ലുകളുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണമെന്നു പറഞ്ഞിട്ടുണ്ട്. മറ്റുള്ളതു ഇൻഡ്യാ ഗവണ്മെന്റിനോടു പറയേണ്ടതാണ്.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള : ഇപ്പോൾ നമ്മുടെ സംസ്ഥാനത്തു വിതരണം ചെയ്യുന്ന അരിയുടെ പേരുകളിൽ 'കോർസു' നല്ലതും, 'ഫൈൻ' മോശവും ആയതുകൊണ്ട് പേരൊന്നു മാറ്റി ജനങ്ങൾക്ക് 'കോർസു' അരിയോടുള്ള സ്നേഹത്തിനും 'ഫൈൻ' അരിയോടുള്ള വെറുപ്പിനും അറുതിവരുത്താമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : പേരു മാറ്റുന്നതിനുള്ള അധികാരം ഈ സ്റ്റോറിനായിരുന്നെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു നടക്കുമായിരുന്നു.

ശ്രീ. ആർ. എസ്. ഉണ്ണി : ഇന്നത്തെ ആറൗൺസ് അരി റേഷൻ വിതരണം നടക്കുന്നുണ്ടെങ്കിലും അരിയുടെ വില ഓപ്പൺ മാർക്കറ്റിൽ ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. ഭക്ഷ്യസ്വല്പമാത്രം വർദ്ധിച്ചിട്ടുണ്ടെന്നാണ് കണക്ക്. അതുകൊണ്ട് ഓപ്പൺ മാർക്കറ്റിൽ വില കുറയ്ക്കുന്നതിനായി ഭക്ഷ്യസംഭരണത്തിലും വിതരണത്തിലും നയപരമായ മാറ്റം വരുത്താൻ ഗവണ്മെന്റ് ആലോചിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനെപ്പറ്റി ആലോചിക്കാമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : മുൻകാലങ്ങളെ അപേക്ഷിച്ച് വില ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ടെന്നു പറയുന്നതു ശരിയല്ല. വില കുറഞ്ഞിരിക്കുകയാണ്. എന്നിരുന്നാലും ഇന്നത്തെ വിലതന്നെ കുറയ്ക്കാൻ ആവശ്യമായിട്ടുള്ള കാര്യങ്ങളും ആലോചിക്കാം. അതിനുള്ള ഉപദേശനിർദ്ദേശങ്ങളും ഉണ്ടാകുന്നപക്ഷം അതുകൂടി പരിഗണിച്ചുകൊണ്ട് പ്രവർത്തിക്കുന്നതാണ്.

ശ്രീ. പി. കുഞ്ഞൻ : മിക്ക താലൂക്കുകളിലും രണ്ടാഴ്ചക്കുള്ള റേഷൻ ഒന്നായി എടുക്കണമെന്നു നിബന്ധനയുണ്ട്. അതുകാരണം പല സ്വകാര്യ ഉടമകൾക്കും വളരെയധികം ബുദ്ധിമുട്ടുകൾ ഉള്ളതുകൊണ്ട് രണ്ടാഴ്ചക്കുള്ള റേഷൻ ഒന്നിലെടുക്കണമെന്നുള്ള നിബന്ധനയിൽ അയവു വരുത്തുന്ന കാര്യം ആലോചിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം നിവേദനങ്ങൾ ലഭിച്ചപ്പോൾ ഇനിമേൽ ഒരാഴ്ചയുള്ളതു് എടുത്താൽ മതിയെന്ന കല്പന പുറപ്പെടുവിച്ചിട്ടുണ്ടു്.

ശ്രീ. ബി. മാധവൻനായർ : ഓണത്തിനു് 12 ഔൺസ് അരി കൊടുക്കാൻ ഗവണ്മെൻറിനു് ആലോചനയുണ്ടോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ഓണത്തിനു് അധിക റേഷൻ കൊടുക്കുക എന്നുള്ളതു് ആവശ്യമുള്ള ഒരു കാര്യമാണു്. പക്ഷേ അതിനു പ്രയാസമാണു്. എന്നാൽ രണ്ടാഴ്ചയിലെ റേഷൻ ഒന്നിച്ചു കൊടുക്കുന്ന കാര്യം സ്റ്റാക്കിൻറെ നിലവാരം അനുസരിച്ചു പരിഗണിക്കാം.

ശ്രീ. എം. മൊയ്തീൻകുട്ടി ഹാജി : ഈ അടുത്തകാലത്തുണ്ടായ വെള്ളപ്പൊക്കം കൃഷിക്കു് വളരെയധികം നാശം വരുത്തിയിട്ടുണ്ടു്. പ്രത്യേകിച്ചും തിരൂർതാലൂക്കിൻറെ വിവിധഭാഗങ്ങളിൽ. അതുകൊണ്ടു് അവിടെ എന്തെങ്കിലും ലവി ഇളവു് അനുവദിച്ചുകൊടുക്കാൻ തയ്യാറാകുമോ ?

ശ്രീ. ഇ കെ. ഇമ്പിച്ചിബാവ : നാശം എത്രമാത്രം സംഭവിച്ചിട്ടുണ്ടെന്നുള്ള വിവരം എനിക്കു് നേരിട്ടു കിട്ടുന്നതല്ല. കൃഷിവകുപ്പിനു കിട്ടിയതിനുശേഷം അവർ നാശനഷ്ടം തിട്ടപ്പെടുത്തി ഫുഡ് ഡിപ്പാർട്ടുമെൻറിനു് അയച്ചതിനുശേഷം മാത്രമേ ലവി ഇളവിൻറെ പ്രശ്നം വരുന്നുള്ളൂ.

ശ്രീ. പി. കെ. രാഘവൻ : അതാതാഴ്ചയിലെ റേഷൻ എടുത്താൽ മതിയെന്ന നിർദ്ദേശം കൊടുത്തിട്ടുള്ളതായി മന്ത്രി പറയുകയുണ്ടായി. അതിൻറെ ഫലമായി ആഴ്ചയുടെ അവസാനത്തിൽ മാത്രമാണു് കടക്കാർ റേഷൻ എടുത്തുകൊണ്ടു വരുന്നതു്. അപ്പോൾ പല ആളുകൾക്കും റേഷൻ വാങ്ങിക്കാൻ കഴിയാതെ വരുന്നുണ്ടെന്നുള്ള വിവരം ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ കല്പന പിൻവലിക്കാൻ തയ്യാറാകുമോ ?

ശ്രീ. ഇ കെ. ഇമ്പിച്ചിബാവ : അരികിട്ടാതെവരുന്ന രീതിയിലുള്ള ഒരു കല്പനയും പുറപ്പെടുവിക്കുന്ന സമ്പ്രദായമില്ല. ഇതുവരെ ഇതിനെ സംബന്ധിച്ച പരാതിയൊന്നും കിട്ടിയിട്ടില്ല. കിട്ടിയാൽ അതിനെപ്പറ്റി അന്വേഷിക്കാം.

ശ്രീ. എ. എസ്. പുരുഷോത്തമൻ : ശുദ്ധജലംപോലും കിട്ടാത്തതുകൊണ്ടു് തീരപ്രദേശങ്ങളിൽ വയറുകടി സാധാരണയുണ്ടാകുന്നുണ്ടു്. അതിൻറെ കൂടെ ഈ പച്ചരി വിതരണം ചെയ്യുന്നതുകൊണ്ടു് കൂടുതൽ സുഖക്കേടുണ്ടാകുകയാണു്. ഫുഡ് കോർപ്പറേഷനെ സ്വാധീനിച്ചു് തീരപ്രദേശങ്ങളിൽമാത്രം ഈ പച്ചരി വിതരണം ചെയ്യുന്നതായി വല്ല പരാതിയും കിട്ടിയിട്ടുണ്ടോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ഒരു പ്രത്യേകസ്ഥലത്തെക്കു് പച്ചരി കൊടുക്കുന്നതല്ല. പുറമേനിന്നും ഇറക്കുമതിചെയ്യുന്ന അരി വിതരണം ചെയ്യുന്ന സ്ഥലത്തെല്ലാം ഇതുവരുന്നുണ്ടു്. അങ്ങനെയല്ലാതെ, തീരപ്രദേശത്തു താമസിക്കുന്നവർക്കു സുഖക്കേടുവരട്ടെ എന്നു വിചാരിച്ചു ചെയ്യുന്നതല്ല.

ശ്രീ. കെ. എം. മാണി : പാലക്കാട്ടുജില്ലയിൽ കുറഞ്ഞവിലയ്ക്കു് അരി ലഭിക്കുമ്പോൾ അതിനുപുറത്തുള്ള ഓപ്പൺമാർക്കറ്റിൽ അരിവില വളരെ കൂടുതലാണു്. അതുകൊണ്ടു് ബഹുമാനപ്പെട്ട മന്ത്രി ഈ ക്ഷ്യുനയമൊന്നു മാറ്റി, ഈ ചെക്കുപോസ്റ്റുകൾ മാറ്റി സ്റ്റോറുകളാക്കി ക്ഷ്യുസാധനങ്ങൾ കൊണ്ടുപോകുന്നതിനു സമ്മതം നൽകിയാൽ കേരളത്തിൽ അരിയുടെ വില എല്ലാസ്ഥലത്തും ഒരുപോലെ കുറയുമെന്നുള്ള വിവരം ഗവണ്മെൻറിൻറെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. ഇ കെ. ഇമ്പിച്ചിബാവ : വളരെക്കാലത്തെ അനുഭവത്തിന്റെ വെളിച്ചത്തിലാണ് ഈ അഭിപ്രായം സ്ഥിരീകരിക്കേണ്ടത്. ഇപ്പോഴുള്ള ഈ റെസ്ട്രിക്ഷൻ എടുത്തുകഴിഞ്ഞാൽ പൈസയുള്ള ആളുകൾ പലസ്ഥലങ്ങളിൽനിന്നും അരി എടുത്തു പൂഴ്ത്തിവയ്ക്കുകയും അതിന്റെ ഫലമായി വില വർദ്ധിക്കുകയും ചെയ്യുന്നതായാണ് രണ്ടാംലോകമഹായുദ്ധം മുതൽ കണ്ടുവന്നിട്ടുള്ളത്.

ശ്രീ. കെ. എം. മാണി : പാലക്കാട്ട ജില്ലയിൽ അതു സംഭവിക്കുന്നില്ലല്ലോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ഈ റെസ്ട്രിക്ഷൻ ഇല്ലായിരുന്നെങ്കിൽ പാലക്കാട്ട ജില്ലയിലും വിലവർദ്ധിക്കുമായിരുന്നു എന്നുള്ളതിൽ യാതൊരു സംശയവുമില്ല.

ശ്രീ. പി. പി. വിൽസൺ : നെല്ലിടപ്പുസംബന്ധിച്ച് ജില്ലാടിസ്ഥാനത്തിൽ കോട്ടാ നിശ്ചയിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ 1969–70 കാലത്തു മുഴുവനും സംഭരിക്കാൻ സാധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാം ?

ശ്രീ. ഇ. കെ ഇമ്പിച്ചിബാവ : ഓരോ ജില്ലയിലേയും ടാർജറ്റ് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് എനിക്കു ഇപ്പോൾ പറയാൻ പറ്റുകയില്ല ; മറ്റൊരു സന്ദർഭത്തിൽ പറയാം.

ശ്രീ. വി. കൃഷ്ണൻനായർ : മാണം പ്രമാണിച്ച് സ്പെഷ്യൽ റേഷൻ കൊടുക്കാൻ പ്രയാസമാണെന്നു പറഞ്ഞു. പഞ്ചസാരയെങ്കിലും കൊടുക്കാൻ തയ്യാറാകുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ ; പഞ്ചസാര സാധാരണതോതിൽനിന്നും വർദ്ധിപ്പിച്ചിട്ടുണ്ട്.

ശ്രീ. വി. കൃഷ്ണൻനായർ : സ്പെഷ്യൽ പഞ്ചസാര കൊടുക്കുമോ എന്നാണ് ഞാൻ ചോദിച്ചത് ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : സ്പെഷ്യൽ പഞ്ചസാര കൊടുക്കത്തക്കവണ്ണമുള്ള കോട്ടാ ഗവണ്മെന്റിന്റെ കൈവശമില്ല. അതുമല്ല, ഓപ്പൺ മാർക്കറ്റിൽ ധാരാളം കിട്ടാനുണ്ട്.

ശ്രീ. എ. വി. ആര്യൻ : കപ്പലിൽ വരുന്ന അരി കൊച്ചിയിൽ ഇറക്കുന്നതിന്റെ ഫലമായിട്ടും അതു ലോറിയിൽ ട്രാൻസ്പോർട്ട് ചെയ്യുന്നതിന്റെ ഫലമായിട്ടും ഫുഡ്കോർപ്പറേഷനുമായി ബന്ധപ്പെട്ട തൊഴിലാളികൾക്ക് ജോലിയില്ലാതെ വരുന്നുണ്ടെന്നുള്ള വിവരം അറിയാമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ഇതുസംബന്ധിച്ചുള്ള തൊഴിലില്ലായ്മ കുഴപ്പം സ്റ്റോറിന്റെ പലഭാഗങ്ങളിലുമുണ്ട്. വളരെയധികം കെട്ടുപിണഞ്ഞുകിടക്കുന്ന ഒരു പ്രശ്നമാണിത്. ഇതു പരിഹരിക്കാൻ എത്രത്തോളം സാധിക്കുമെന്നുള്ളതിനെ സംബന്ധിച്ച പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഡിപ്പാർട്ടുമെന്റിനു ആവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അവരുടെ അഭിപ്രായം വന്നാൽ മാന്യ മെമ്പർ അടക്കമുള്ള ആളുകളെ വിളിച്ച് ഈ കാര്യം ആലോചിക്കാവുന്നതാണ്.

ശ്രീ. എം. കെ. ദിവാകരൻ : കേന്ദ്രത്തിൽനിന്നും കൂടുതൽ അരി കിട്ടുന്നതുകൊണ്ടാണ് അരിവില കുറഞ്ഞതെന്നു ബഹുമാനപ്പെട്ട മന്ത്രി ഇതിനുമുമ്പു പറയുകയുണ്ടായി. അങ്ങനെ കേന്ദ്രത്തിൽനിന്നും കൂടുതൽ അരി കിട്ടുന്നുണ്ടെങ്കിൽ ഈ റേഷൻ തോതു വർദ്ധിപ്പിച്ചുകൂടേ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ: ഇമ്പിച്ചിബാവ : മുമ്പ കൊടുത്തിരുന്നതു് മൂന്നു് ഔൺസായിരുന്നു. പിന്നെ അതു് നാലര ഔൺസാക്കി. ഇപ്പോൾ അതു് ആറു് ഔൺസാക്കിയതു് കൃഷിക൪മ്മന്ത്രി പറഞ്ഞതുപോലെ ഉല്പാദനവർദ്ധനവുണ്ടായതിന്റെയും കേന്ദ്രത്തിൽനിന്നും കൂടുതൽ അരി കിട്ടിയതിന്റെയും അടിസ്ഥാനത്തിലാണു്.

ശ്രീ. കെ. എ. ശിവരാമഭാരതി : ലെവി നെല്ലിന്റെ കണക്കു് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമായിട്ടു് പറഞ്ഞില്ലെങ്കിൽതന്നെയും പാലക്കാട്ടു ജില്ലയിലെ കോട്ടായിൽ ഇരട്ടിയായിട്ടുണ്ടെന്നുള്ള വിവരം അറിയാമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : വർദ്ധിച്ചിട്ടുണ്ടു്. ഗണ്യമായി.

ശ്രീ. വി. പി ചെറുകോയ തങ്ങൾ : അതിഭയങ്കരമായ വെള്ളപ്പൊക്കത്തിനു് വിധേയമായ സ്ഥലങ്ങളിൽപോലും ഒരാഴ്ചത്തെ സൗജന്യറേഷൻ കൊടുക്കുന്നതു് കഴിയാതെപോയതു് എന്തുകൊണ്ടാണു് ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : അതു് ദുരിതനിവാരണ നടപടിയിൽ ഉൾപ്പെട്ടതാണു്.

ശ്രീ. എം. കൃഷ്ണൻ : കേരളത്തിനു പുറത്തുനിന്നും അരികൊണ്ടുവരാൻ എൻ. ഒ. സി. കൊടുത്തതിന്റെ ഫലമായി അരിയുടെ വില വളരെ കുറഞ്ഞിട്ടുണ്ടു്. അതുകൊണ്ടു്, പാലക്കാട്ടെ ചെക്കുപോസ്റ്റുകളും എടുത്തുകളഞ്ഞാൽ അതുകൊണ്ടു മാത്രം വിലവർദ്ധിക്കുകയില്ലെന്നറിയാമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : കേരളത്തിനകത്തെ ചെക്കുപോസ്റ്റുകളും എടുത്തുകളഞ്ഞാൽ നമ്മുടെ സംഭരണം ആകെ തകരാറിലാകും ഇപ്പോൾ നമ്മൾ കൊടുത്തിട്ടുള്ള എൻ. ഒ. സി. പുറത്തുനിന്നും അരി കൊണ്ടുവരുന്നതിനുള്ളതാണു്. അതു ധാരാളം കൊടുത്തിട്ടുണ്ടു്. രണ്ടു ക്രൂപ സ്റ്റാമ്പൊട്ടിച്ചു് അപേക്ഷിച്ചിട്ടുള്ള ആൾക്കും കൊടുത്തിട്ടുണ്ടു്. അതിന്റെ ഫലമായിട്ടു് അരിയുടെ വില കുറഞ്ഞിട്ടുമുണ്ടു്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാടു്) : ലെവിയുടെ ഇരട്ടി സംഭരിച്ച പാലക്കാട്ടു ജില്ലയിൽ പുഴുക്കലരി കൊടുക്കാതിരിക്കാൻ കാരണമെന്താണു് ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : മനഃപൂർവ്വം ചെയ്യുന്നതല്ല. കൈവശമുള്ള അരി അവസരവിടെ വിതരണം ചെയ്യുന്നതാണു്.

ശ്രീ. എ. എസ്. പുരുഷോത്തമൻ : ഫുഡ് കാർപ്പറേഷനെ സ്വാധീനിച്ചു് എന്റെ നിയോജകമണ്ഡലമായ പൈപ്പിൻകര പ്രദേശങ്ങളിൽ പച്ചരി വിതരണം ചെയ്യണമെന്നുള്ള പരാതി ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്കു് നേരിട്ടു സമർപ്പിച്ചിരുന്നു. അതിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്നു പറയാൻ ദയവുണ്ടാകുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ഈ ആക്ഷേപത്തെപ്പറ്റി അന്വേഷിച്ചു. ഈ സ്ഥലം ഉൾപ്പെടെ ഈ ജില്ലയിൽ വിതരണം ചെയ്യുന്നതിനു് പുഴുക്കലരി അയച്ചിരുന്നു. ഒരുപക്ഷേ, അതു് ഈ പറയുന്ന സ്ഥലത്തു് എത്തുന്നതിനുമുമ്പു് തീർന്നിട്ടുണ്ടാകാം. എന്തായിരുന്നാലും ബഹുമാനപ്പെട്ട മെമ്പർ ഈ പ്രശ്നം വീണ്ടും ശ്രദ്ധയിൽപ്പെടുത്തിയതുകൊണ്ടു് പ്രത്യേകമായി ശ്രദ്ധിക്കേണ്ടതുണ്ടെന്നു തോന്നുന്നു. അതുകൊണ്ടു് അന്വേഷിക്കാം.

ശ്രീ. എൻ. കെ. ശേഷൻ : ബഹുമാനപ്പെട്ട മന്ത്രി തന്നിരിക്കുന്ന കണക്കനുസരിച്ചു് അലോട്ടുചെയ്തിട്ടുള്ള അരിയുടെ അളവും യഥാർത്ഥത്തിൽ നമുക്കു കിട്ടിയിട്ടുള്ള അരിയുടെ അളവും തമ്മിൽ വളരെ വ്യത്യാസമുണ്ടു്. ഈ വിടവു നികത്തുന്നതിനും അനുവദിച്ചിട്ടുള്ള അരി മുഴുവൻ കിട്ടുന്നതിനും കേന്ദ്രത്തിൽ നിവേദനം നടത്താൻ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : നിവേദനം നടത്തിയിട്ടുണ്ട്. കേന്ദ്രഭക്ഷ്യ കാര്യമന്ത്രി ശ്രീ ജഗ്ജീവൻ റാമും ഡെപ്യൂട്ടിമന്ത്രി ഷാനവാസ്ഖാനും ഇവിടെ വന്നപ്പോൾ ഞാൻ അവരുമായി ഈ കാര്യത്തെപ്പറ്റി സംസാരിക്കുകയുണ്ടായി. അതിന്റെ ഫലമായി അവർ അല്പസ്വല്പം ശ്രദ്ധിച്ച് അയച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. ആർ. എസ്. ഉണ്ണി : ക്ഷേ്യസംഭരണ–വിതരണ കാര്യങ്ങളും ഓപ്പൺ മാർക്കറ്റിലെ അരിവില നിയന്ത്രിക്കുന്ന കാര്യവും ആലോചിക്കാമെന്ന് മന്ത്രി പറയുകയുണ്ടായി. നമ്മുടെ സംസ്ഥാനത്ത് ഒരു ഫുഡ് അഡ്വൈസറി കമ്മിറ്റി യുണ്ട്. ആ കമ്മിറ്റി ഇന്ന് നിലവിലുണ്ടോ, കൂടാറുണ്ടോ, ഇതിനെപ്പറ്റി ആലോ ചിക്കാറുണ്ടോ, ഈ ആറുമാസത്തിനകം എത്ര പ്രാവശ്യം കൂടി ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ഇതിന് ഒരു പ്രത്യേക ചോദ്യം തന്നെ വേണം.

ശ്രീ. ബി. മാധവർ നായർ : ഫുഡ് കാർപ്പറേഷൻ സംഭരിക്കുന്ന അരിയുടെ കാളിറ്റി നിശ്ചയിക്കുന്നത് അവരുടെ കാളിറ്റി കൺട്രോളറന്മാരാണ്. അതു കൊണ്ട് അവർ പറയുന്നതാണ് ഇന്നു നടക്കുന്നത്. അതുമാറ്റി, നമ്മുടെ ഉദ്യോഗ സ്ഥന്മാർക്കുകൂടി ഇതു പരിശോധിച്ചു നിശ്ചയിക്കാനുള്ള അവസരം നൽകാൻ എന്തെങ്കിലും ഏർപ്പാടുണ്ടാക്കുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : സംഭരിക്കുന്ന സ്ഥലത്തുവച്ചാണ് കാളിറ്റി നിശ്ചയിക്കുന്നത്. ബർമ്മയിൽനിന്നും വരുന്ന അരിക്ക് അവിടെവച്ച് പേരിടുക യാണ്. അതു ചെലപ്പോൾ വെളുത്ത ആളിനു 'കറുപ്പ്' എന്ന പേരു് ഇട്ടാലതു പോലെ സംഭവിക്കുന്നുണ്ട്.

ശ്രീ. ആർ. കൃഷ്ണൻ (ആലത്തൂർ) : നേപ്പാൾ, ബീഹാർ മുതലായ സ്ഥലങ്ങളിൽ നിന്നും അരി ഇവിടെ കൊണ്ടുവരുന്നതു കൊണ്ട് ഓപ്പൺ മാർക്കറ്റിൽ അരിയുടെ വില കുറഞ്ഞിട്ടുണ്ടെന്നു പറയുന്നതു ശരിയാണോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : വില കുറച്ചു കുറഞ്ഞിട്ടുണ്ട്.

ഷൊർണ്ണൂർ ഗവണ്മെന്റ് പ്രസ്സ്

* 153. [576] ശ്രീ. പി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഷൊർണ്ണൂർ ഗവണ്മെന്റ് പ്രസ്സിൽനിന്ന് എത്രയാണ് പാഠപുസ്തക ങ്ങളുടെ കോപ്പികൾ അച്ചടിക്കുവാൻ സ്വകാര്യ പ്രസ്സിൽ ഏല്പിച്ചതിനെതിരായി അന്വേഷണം നടത്തുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഗവണ്മെന്റിലേക്ക് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ :

(സി) അന്വേഷണം നടത്തിയിട്ടില്ലെങ്കിൽ കാരണം എന്തെന്ന് വ്യക്ത മാക്കുമോ ?

മരാമത്തുമന്ത്രി (ശ്രീ. ടി. കെ. ദിവാകരൻ) :

(എ) ഉണ്ട്.

(ബി, സി) സ്വകാര്യ പ്രസ്സിൽ ഏല്പിച്ചതു് ഗവണ്മെന്റുത്തരവനുസരിച്ചായ തിനാൽ അന്വേഷണത്തിന്റെ ആവശ്യമില്ല.

ശ്രീ. പി. കുഞ്ഞൻ : സർ, ഇതേ ചോദ്യം തന്നെ കഴിഞ്ഞ അസംബ്ലിയിലും ചോദിച്ചിട്ടുള്ളതാണ്. അന്നും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു് കൊടുത്തിട്ടില്ലെന്നാണ്. കംപോസിംഗ് കഴിഞ്ഞ 6,04,000 ത്തോളം വരുന്ന ടെക്സ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly